Malappuram District Police

# വീട്ടിൽ നിന്നും മോഷണം നടത്തിയ കേസിൽ വനിത അറസ്റ്റിൽ

മലപ്പുറം: കഴിഞ്ഞ ഏപ്രിൽ മാസം 23-ാം തിയ്യതി മലപ്പുറം പൊന്മളയിലെ ഒരു വീട്ടിൽ നിന്നും എട്ട് പവനോളം തൂക്കം വരുന്ന സ്വർണ്ണാഭരണങ്ങൾ കവർന്ന കേസിൽ പ്രതിയെ മലപ്പുറം പോലീസ് സ്പെഷ്യൽ സ്ക്വാഡ് അറസ്റ്റ് ചെയ്തു.

തൃശ്ശൂർ അയ്യന്തോൾ പൂത്തൂർക്കര സ്വദേശിനി ചിറയത്ത് വീട്ടിൽ നിമ്മിയാണ് (21) പിടിയിലായത്.

പൊന്മളയിലുള്ള പരാതിക്കാരുടെ വീട്ടിൽ നിന്നും സ്വർണ്ണാഭരണങ്ങൾ കാണാതായത് സംബന്ധിച്ച പരാതിയിൽ നടത്തിയ അന്വേഷണത്തിനിടെയാണ് പ്രതി പിടിയിലായത്. പ്രതി മോഷ്ടിച്ച് വിറ്റ സ്വർണ്ണത്തിന്റെ ഭാഗങ്ങൾ വിൽപ്പന നടത്തിയ സ്ഥലങ്ങളിൽ നിന്നും പോലീസ് പിടിച്ചെടുത്തിട്ടുണ്ട്. മലപ്പുറം കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻറ് ചെയ്തു.

മലപ്പുറം എസ്.ഐ ബി.എസ്. ബിനുവിന്റെ നേതൃത്വത്തിൽ ASI അഷ്റഫ്, സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ സ്രാമ്പിക്കൽ മുഹമ്മദ് ഷാക്കിർ, എൻ.എം. അബ്ദുല്ല ബാബു, മൻസൂറലി, ബിന്ദു എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.